**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 302** **23-08-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികളുടെ വിദേശ സഞ്ചാര അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കട ലൈസൻസുള്ള വ്യാപാരി ടിയാളുടെ കടയുടെ എത്ര ദൂരപരിധിയിൽ എപ്പോഴുമുണ്ടാകണമെന്നാണ് വ്യവസ്ഥചെയ്തിരിക്കുന്നത്; | (എ) | കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ന്റെ ഖണ്ഡിക 28 പ്രകാരം ജനറൽ കാറ്റഗറിയിൽപ്പെട്ട ലൈസൻസി കട സ്ഥിതി ചെയ്യുന്ന വാർഡിലെയും SC/ST വിഭാഗത്തിൽപ്പെട്ട ലൈസൻസി പ്രസ്തുത താലൂക്കിലെയും സ്ഥിര താമസക്കാരൻ ആയിരിക്കണം. |
| (ബി) | വിദേശത്തേക്കോ സംസ്ഥാനത്തിന് പുറത്തേക്കോ ലൈസെൻസിക്ക് യാത്ര ചെയ്യണമെങ്കിൽ അനുവാദം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | ഹജ്ജ്, ഉംറ തുടങ്ങിയ തീർത്ഥാടനങ്ങൾ ഉൾപ്പെടെ ജോലി ആവശ്യാർത്ഥമല്ലാതെ വിദേശ സന്ദർശനം നടത്തുന്നതിന് റേഷൻ വ്യാപാരികൾക്ക് 90 ദിവസം വരെ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ആഫീസർ അവധി അനുവദിക്കാവുന്നതാണ്. ആയതിലേക്ക് ആവശ്യം തെളിയിക്കുന്ന രേഖകൾ സഹിതം അപേക്ഷ മുൻകൂറായി താലൂക്ക് സപ്ലൈ ആഫീസർക്ക് നേരിട്ട് നൽകേണ്ടതും ആയത് താലൂക്ക് സപ്ലൈ ആഫീസർ പരിശോധിച്ച് ശുപാർശയോടുകൂടി ജില്ലാ സപ്ലൈ ആഫീസർക്ക് അയക്കേണ്ടതും അർഹതയുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം ജില്ലാ സപ്ലൈ ആഫീസർ ഇത് സംബന്ധിച്ച് ഒരു നടപടിക്രമം പുറപ്പെടുവിക്കേണ്ടതുമാണ്. ലീവ് അനുവദിച്ചതിനുശേഷം മാത്രമേ ലൈസൻസിക്ക് അവധിയിൽ പ്രവേശിക്കാൻ കഴിയുകയുള്ളൂ.<br><br>ലൈസൻസി അവധിയിൽ പ്രവേശിക്കുന്ന കാലയളവിൽ ജില്ലാ സപ്ലൈ ആഫീസർ താൽക്കാലികമായി ടി കട സസ്പെന്റ് ചെയ്യേണ്ടതും സൗകര്യപ്രദമായ മറ്റൊരു റേഷന കടയിലേക്ക് അറ്റാച്ച് ചെയ്യേണ്ടതുമാണ്. |

| | | | |
|---|---|---|---|
| | | | ലീവ് കഴിഞ്ഞു വന്നതിന് ശേഷം ലൈസൻസി കൃത്യമായി താലൂക്ക് സപ്ലൈ ആഫീസറുടെ മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതും താലൂക്ക് സപ്ലൈ ആഫീസർ പ്രസ്തുത വിവരം ജില്ലാ സപ്ലൈ ആഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ടി ഡിപ്പോയുടെ അംഗീകാരം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടിക്രമം ജില്ലാ സപ്ലൈ ആഫീസർ പുറപ്പെടുവിക്കേണ്ടതുമാണ്.<br><br>അനുവദിച്ച അവധി തീരുന്ന മുറയ്ക്ക് ടി ലൈസൻസി മടങ്ങി വന്നില്ലെങ്കിൽ പ്രസ്തുത വിവരം താലൂക്ക് സപ്ലൈ ആഫീസർ, ജില്ലാ സപ്ലൈ ആഫീസറെ അറിയിക്കേണ്ടതും ജില്ലാ സപ്ലൈ ആഫീസർ 30 ദിവസത്തിനകം ലൈസൻസിക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.<br><br>ഏതെങ്കിലും കാരണവശാൽ അനുവദിച്ച അവധി തീരുന്ന മുറയ്ക്ക് മടങ്ങിവരാൻ സാധിക്കാതെ വരികയാണെങ്കിൽ പ്രസ്തുത വിവരം ലൈസൻസി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസറെ രേഖാമൂലം അറിയിക്കേണ്ടതും താലൂക്ക് സപ്ലൈ ആഫീസർ ആയത് ജില്ലാ സപ്ലൈ ആഫീസറെ അറിയിക്കേണ്ടതും ആയതിന് അനുസരിച്ചുള്ള പുതിയ ഒരു ഉത്തരവ് ജില്ലാ സപ്ലൈ ആഫിസർ പുറപ്പെടുവിക്കേണ്ടതുമാണ്. |
| (സി) | പ്രസ്തുത യാത്ര ചുരുങ്ങിയ കാലയളവിലേയ്ക്കാണെങ്കിലും ലൈസൻസി പോകുമ്പോഴും തിരികെ വരുമ്പോഴും സ്റ്റോക്ക് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പിന്റെ ഉദ്യോഗസ്ഥ സംവിധാനം മുഴുവൻ പ്രയത്നിക്കേണ്ട സാഹചര്യം നിലവിലുണ്ടോ; | (സി) | ലൈസൻസി അവധിയിൽ പ്രവേശിക്കുന്ന കാലയളവിൽ ജില്ലാ സപ്ലൈ ആഫീസർ ടി കടയുടെ അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്ത് റേഷൻ വിതരണത്തിന് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ തൊട്ടടുത്ത കടയിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിച്ചുവരികയാണ് നിലവിൽ സ്വീകരിച്ചുവരുന്ന നടപടി. സ്റ്റോക്ക് പരിശോധിച്ച് ജില്ലാ സപ്ലൈ ആഫീസർ/ താലൂക്ക് സപ്ലൈ ആഫീസറുടെ ഉത്തരവ് നടപ്പിൽ വരുത്തുന്നത് ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടറാണ്. സെയിൽസ്മാൻമാർക്ക് സർക്കാരുമായി നേരിട്ട് ബന്ധമില്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ നിയമ ഭേദഗതി ആവശ്യമില്ല. |
| (ഡി) | ഇത്തരം അധ്വാനം കുറയ്ക്കുന്നതിന് നിലവിൽ റേഷൻ കടകളിൽ ജോലിചെയ്യുന്നതും സിവിൽ സപ്ലൈസ് വകുപ്പിന്റെ വെരിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ സെയിൽസ്മാൻമാർക്ക് ഓതറൈസേഷൻ നൽകി റേഷൻകടകൾ അത്രയും കാലം പ്രവർത്തിക്കത്തക്ക | (ഡി) | ക്ലോസ് (സി) യുടെ ഉത്തരം കണ്ടാലും. |

| | | | |
|---|---|---|---|
| | വിധത്തിൽ നിയമഭേദഗതിക്ക് നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ